HON'BLE MR. T. M. VARGHESE : ഈ ചോദ്യത്തിന് ഇതുസംബന്ധമായി ബന്ധമൊന്നുമില്ലെങ്കിലും ഉണ്ടെന്നാണ് മറുപടി.

ഓമന — പാഠപുസ്തകം.

374. MR. K. A. MATHEW : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ ?

(എ) ഗവണ്മെൻറിൽനിന്നും ഈ വർഷത്തേക്ക് തിരഞ്ഞെടുത്ത 'ഓമന' എന്ന പാഠപുസ്തകത്തെപ്പറ്റി നാട്ടിൽ ധാരാളം പ്രതിഷേധം ഉണ്ടെന്നുള്ള കാര്യം ഗവണ്മെൻറിനറിയാമോ ?

(ബി) പ്രസ്തുത പുസ്തകം പിൻവലിക്കുന്നതിന് എന്തു നടപടികൾ ഗവണ്മെൻറ് കൈക്കൊണ്ടു ?

HON'BLE MR. T. M. VARGHESE : (എ) പ്രതിഷേധസൂചകമായി ചില ഹർജികൾ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ട്. എന്നാൽ ആ പരാതികളിൽ പറഞ്ഞിരിക്കുന്നതുപോലെ അത്ര ആക്ഷേപകരമായ വിധത്തിലാണ് അതിൻെറ രചനയും ഭാഷയുമെന്ന് ഗവണ്മെൻറിന് ബോദ്ധ്യപ്പെട്ടിട്ടില്ല. എങ്കിലും പരാതി ഉണ്ടായിരിക്കുന്നതുകൊണ്ട് പ്രതിഷേധാർഹങ്ങളെന്നു പറയപ്പെട്ടതു ഏതാനും ഭാഗങ്ങൾ പഠിപ്പിക്കണ്ട എന്നു നിർദ്ദേശിച്ചിട്ടുണ്ട്. അതു് ആക്ഷേപങ്ങൾ ശരിയാണെന്നു സമ്മതിച്ചതുകൊണ്ടല്ല.

(ബി) ഈ ബുക്ക് അപ്രൂവ് ചെയ്തതു ഈയാണ്ടിലല്ല. ഫൻഡമൻറൽ-ൽ ടെക്സ്റ്റ്ബുക്ക് കമ്മിറ്റി ഇതു തേഡ് ഫാറത്തിലേക്ക് കൊള്ളാമെന്ന് നിർദ്ദേശിച്ചു. വളരെ വിശ്വാസവും ബഹുമാനവുമുള്ള പല ആളുകളും ചേർന്നിട്ടുള്ള ഒരു കമ്മിറ്റിയായിരുന്നു അതു്. കമ്മിറ്റിയുടെ പേരുവിവരം താഴെ പറയുന്നതാണ്.

(ക) മിസ്റ്റർ പി. അനന്തൻപിള്ള എം. എ.
(ഖ) മിസ്റ്റർ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ
(ഗ) മിസ്റ്റർ കൈനിക്കര എം. പത്മനാഭപിള്ള
(ഘ) ഡാക്ടർ കെ. ഗോദവർമ്മ
(ങ) മിസ്റ്റർ എം. ആർ. കൃഷ്ണവാര്യർ
(ച) മിസ്റ്റർ എ. ശങ്കരപ്പിള്ള
(ഛ) മിസ്റ്റർ എ. എൻ. സത്യനേശൻ
(ജ) മിസ്റ്റർ ജോൺ കട്ടക്കയം
(ഝ) മിസ്റ്റർ എം. കേശവപ്പണിക്കർ

LIBRARY ARCHIVES Kerala Legislative Assembly

(ഫ ഠ) മിസ്റ്റർ റ്റി. റ്റി. കേശവൻശാസ്ത്രി
(ഫ ഫ) മിസ്റ്റർ ഷാഹുൽ ഹമീദ്
(ഫ ഢ) ശ്രീമതി ദേവകി അന്തർജ്ജനം

ഈ ആളുകൾ അടങ്ങിയ ടെക്സ്റ്റ്ബുക്കുകമ്മിറ്റിയാണോ കാമന എന്ന പാഠപുസ്തകം തേഡ് ഫാറത്തിലേക്ക് തെരഞ്ഞെടുത്തിരിക്കുന്നത്. ഈ പുസ്തകം അസഭ്യമെന്നോ ആക്ഷേപകരമെന്നോ ഗവണ്മെൻറിനു തോന്നിയിട്ടില്ല. എങ്കിലും പരാതികൾ ഉണ്ടായല്ലോ എന്നു കരുതി ആ ഏഴാം അദ്ധ്യായം പഠിപ്പിക്കണ്ട എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

MR K. A MATHEW : ഈ പുസ്തകം പ്രസിദ്ധപ്പെടുത്തുകയും ടെക്സ്റ്റ്ബുക്കായി അംഗീകരിക്കുകയും ചെയ്തശേഷം അതിലെ ഏതാനും ഭാഗം വായിക്കണ്ട എന്നു പറഞ്ഞാൽ വിദ്യാർത്ഥികൾ ആ ഭാഗംതന്നെ പ്രത്യേകം വായിക്കുമെന്നുള്ള വസ്തുത സൈക്കോളജി അറിയാവുന്ന ആരും സമ്മതിക്കുമെന്ന് ഗവണ്മെൻറിനറിയാമോ ?

HON'BLE MR. T.M. VARGHESE : അതുകൊണ്ടാണ് അതു വായിക്കുന്നതിനും തരക്കേടില്ല എന്നു പറഞ്ഞത്.

MR. K. A. MATHEW : ആ പുസ്തകംതന്നെ മാറ്റേണ്ടതാണെന്നു ഗവണ്മെൻറിന് തോന്നിയിട്ടുണ്ടോ ? അഥവാ അതു മാറിയില്ലെങ്കിൽ ഇതിൽ പറയുന്ന ഏഴാം അദ്ധ്യായം എങ്കിലും മാറേണ്ടതാണെന്ന് ഗവണ്മെൻറിന് തോന്നിയിട്ടുണ്ടോ ?

HON'BLE MR. T. M. VARGHESE : ആ അദ്ധ്യായം മാറിയില്ലെങ്കിലും ദോഷം ഒന്നും വരാനില്ല. അതുകൊണ്ട് പുസ്തകം മാറണമെന്ന് ഗവണ്മെൻറിന് അഭിപ്രായമില്ല. എന്നാൽ ജനപക്ഷത്തുനിന്നും ഉണ്ടാകുന്ന ഏതു പരാതികളേയും സ്വീകരിക്കുന്നതിനും അതേപ്പറ്റി അന്വേഷിക്കുന്നതിനും ഗവണ്മെൻറിനു മനസ്സുണ്ടെന്ന് പ്രത്യക്ഷപ്പെടുത്തുന്നതിനു വേണ്ടിയാണ് ഏഴാം അദ്ധ്യായം പഠിപ്പിക്കണ്ടാ എന്നുപറഞ്ഞത്.

MR. K. A. MATHEW : ഈ പുസ്തകത്തെപ്പറ്റി അഭിപ്രായം പറയേണ്ടത് കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരും അദ്ധ്യാപികകളുമാണെന്നും അല്ലാതെ ഗവണ്മെൻറല്ലെന്നും അറിയാമോ ?

HON'BLE MR. T. M. VARGHESE : യോഗ്യന്മാരായ ആളുകൾ അടങ്ങിയ ടെക്സ്റ്റ്ബുക്കുകമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ചാണ് ഈ പുസ്തകം തെരഞ്ഞെടുത്തിട്ടുള്ളത്. അവക്ക് തെറ്റു പറ്റാം. അങ്ങിനെ തെറ്റുവന്നാൽ മറ്റുവിധത്തിൽ അന്വേഷണം നടത്താം. ആ നിലയിൽ ഗവണ്മെൻറ് ഈ പുസ്തകത്തെപ്പറ്റി അതാലേക്ക് പ്രാപ്തന്മാരായ

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. T. M. Varghese]

മറ്റാളുകളോടും ചോദിക്കുകയുണ്ടായി. അവരിൽനിന്നും ഗവണ്മെൻറിനു കിട്ടിയ അഭിപ്രായം ഈ പുസ്തകം മാറ്റിയേ തീരൂ എന്നില്ലെന്നാണ്.

ലിഫ്റ്റു ഇറിഗേഷൻ.

375. MR. K. A. MATHEW: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പി. ഡബ്ളിയു. വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ?

(എ) തിരുവല്ലാത്താലൂക്കിൽ എവിടെയെല്ലാം ൧൯൪൫, ൧൯൪൬, ൧൯൪൭, ൧൯൪൮ ഈ വർഷങ്ങളിൽ ലിഫ്റ്റു ഇറിഗേഷൻ ഏർപ്പെടുത്തണമെന്നുള്ള അപേക്ഷകൾ ഗവണ്മെൻറിന് ലഭിച്ചിട്ടുണ്ട്?

(ബ) അതിൽ ഏവിടെയെല്ലാം അനുവദിച്ചു?

(സ) ബാക്കിയുള്ള സ്ഥലങ്ങളിൽ അനുവദിക്കാതിരുന്നതിൻറെ കാരണമെന്തു?

HON'BLE MR. K. M. KORAH: (എ) പമ്പാ, മണിമല ഈ ആറുകളുടെ തീരത്തുള്ള പല പ്രദേശത്തുനിന്നും ഇതുസംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകളുടെ താലൂക്കു തിരിച്ചുള്ള പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതും, അതിനാൽ ആവശ്യപ്പെട്ടപ്രകാരം വർഷംതിരിച്ചുള്ള പട്ടിക നൽകുവാൻ സാധ്യമല്ലാത്തതുമാകുന്നു.

(ബ) താഴെ പറയുന്ന സ്ഥലങ്ങളിൽ ഫാതാതിനെതിരെ കാണിച്ചിട്ടുള്ള വർഷങ്ങളിൽ ലിഫ്റ്റു് ഇറിഗേഷൻ നടത്തിയിട്ടുണ്ട്.

(എ) മുഴവങ്ങാടി ൧൯൪൫, ൧൯൪൬, ൧൯൪൭.

(ബ) കവിയൂർ പമ്പ ൧൯൪൬, ൧൯൪൭.

(സ) തോണ്ടറ നദിയുടെ വടക്കേക്കരയുള്ള നെൽപ്പാടങ്ങളം ൧൯൪൭.

(ര) കറുർ നെൽപ്പാടങ്ങളം ൧൯൪൭.

(സ) പമ്പാനദിയുടെ ഇരുചാർശ്വങ്ങളിലുമുള്ള നിലങ്ങൾക്ക് ലിഫ്റ്റു് ഇറിഗേഷൻ ലഭ്യമാക്കുന്നതിന് സമഗ്രമായ ഒരു എസ്റ്റിമേറ്റു് പരിഗണനയിൽ ഇരിക്കുന്നു.

പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിലെ ചില ഉദ്യോഗസ്ഥന്മാർ

376 MR. P. K. KRISHNAN SASTRI: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തിരുവിതാംകൂർ പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിൻറെ ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly